DESPATCHED On 20/01/2020

8/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No.986(1)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.19039/എസ്.ഐ.സി-ജി 4/2019)*

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. പി.വി. ഐസക്,
എം.പി. ടൂർസ് & ട്രാവൽ സർവ്വീസ് പ്രൊപ്രൈറ്റർ,
അടിമാലി -685561 } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം-695001 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 16.05.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.05.2019 |
| പരാതി ഹർജി നൽകിയ തീയതി | 19.11.2019 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 23.11.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.11.2019 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 20.12.2019 |
| ഹിയറിംഗ് തീയതി & സ്ഥലം | 16.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>എതിർകക്ഷി<br>പരാതി ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.വി. ഐസക്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, സംസ്ഥാന സഹകരണ ക്ഷേമനിധി

ബോർഡിൽ നിന്നും ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാത്തതിനാൽ ടി വിവരത്തിനായി സഹകരണ രജിസ്ട്രാറിന്റെ ഓഫീസിൽ അപേക്ഷ സമർപ്പിച്ചപ്പോൾ അപേക്ഷ ക്ഷേമനിധി ബോർഡിന് കൈമാറി എന്നതല്ലാതെ വിവരം ലഭിക്കുന്നില്ല എന്നും മറ്റുമാണ്.

2. ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പ്രസ്താവിച്ചത്, ബഹു കേരള ഹൈക്കോടതിയുടെ WP(c) 1105/15 നമ്പർ വിധിയിന്മേൽ ബോർഡ് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതായും ആയതിന്റെ വിധി വരുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും 30.04.2019 ലെ ജി–1 465/19 കത്തു പ്രകാരം അറിയുന്നുവെന്നും ആയതിനാൽ ടി അപ്പീലിന്റെ പകർപ്പ് നമ്പരും തീയതിയും സഹിതം ബോർഡിന്റെ 08.04.2019 ലെ കത്തിന്റെ പകർപ്പോടുകൂടി ലഭ്യമാക്കണമെന്നാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ അടിമാലിയിൽ ഉള്ള അടിമാലി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ഹർജിക്കാരന്റെ ഭാര്യ ശ്രീമതി. ഏലിയാമ്മ 30.04.2010 ൽ ഒരു വർഷ കാലാവധിക്ക് ഒരു ലക്ഷം രൂപ വായ്പ എടുത്തിരുന്നുവെന്നും ടി വായ്പ നാലു ത്രൈമാസ ഗഡുക്കളായി 30.04.2011 നകം അടച്ചു തീർക്കേണ്ട തായിരുന്നുവെന്നും എന്നാൽ വായ്പക്കാരി 24.02.2011 ൽ മരണപ്പെട്ടുവെന്നും ടിയാൾ മരണപ്പെടുന്ന സമയം വരെ വായ്പക്കാരി 15984/- രൂപ മാത്രമാണ് അടവാക്കിയിരുന്നതെന്നും വായ്പക്കാരി മരണപ്പെടുമ്പോൾ വായ്പയിൽ 6 മാസത്തിൽ അധികരിച്ച് കുടിശിക ഉള്ളതിനാൽ ആണ് ബോർഡിന്റെ നിയമാവലി നിബന്ധന 4(ബി) പ്രകാരം ടി വായ്പക്ക് റിസ്ക് ഫണ്ട് ധനസഹായത്തിന് അർഹത ഇല്ല എന്ന വിവരം ബാങ്കിനെ അറിയിച്ചത് എന്നും ആയതിനു ശേഷം വായ്പക്കാരിയുടെ അനന്തരാവകാശിയും ഭർത്താവുമായ ഹർജിക്കാരൻ സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ ഓംബുഡ്സ്മാനും അപേക്ഷ നൽകിയെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിയമാവലി നിബന്ധന 4(ബി)യിൽ ഇളവു നൽകി ഹർജിക്കാരന്റെ അപേക്ഷ പരിഗണിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 19.02.2015–ൽ കൂടിയ ബോർഡു മീറ്റിംഗിൽ വായ്പയിൽ ബാക്കി നിൽക്കുന്ന തുകയായ 84016 രൂപയിൽ 42008 രൂപ അനുവദിക്കുന്നതിനായി സർക്കാരിലേക്ക് അപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും അപ്രകാരം 16.04.2015 ലെ സർക്കാർ ഉത്തരവ് (സാധാ) 221/2015/സഹ നമ്പർ അനുസരിച്ച് വായ്പക്കാരിക്ക് റിസ്ക്ക് ഫണ്ട്

അനുകൂല്യമായി 42008/- രൂപ അനുവദിച്ചു നൽകുയുണ്ടായി എന്നും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന് സർക്കാർ അംഗീകരിച്ച നിയമാവലിയും വ്യവസ്ഥകളുമാണ് നിലവിൽ ഉള്ളതെന്നും ശ്രീമതി. ഏലിയാമ്മ ഐസക് എടുത്ത വായ്പക്ക് റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4 (ബി) പ്രകാരം ധനസഹായത്തിന് അർഹത ഇല്ലാതിരുന്നിട്ടും മാനുഷിക പരിഗണന നൽകി സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 4(ബി) നിബന്ധനയിൽ ഇളവ് വരുത്തി 42008/- രൂപ വായ്പക്കാരിക്ക് അനുവദിച്ചു നൽകിയിട്ടുള്ളതാണെന്നും ടി തുക അപര്യാപ്തമാണെന്നും മുഴുവൻ ബാക്കിനിൽപ്പ് തുകയും അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ട് ഹർജിക്കാരൻ ബഹു. ഹൈക്കോടതയിൽ WP(c) 1105/2015 റിട്ട് പെറ്റീഷൻ ഫയൽ ചെയ്തുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് ബാക്കി നിൽപ്പ് തുകയായ 42008/- രൂപ കൂടി അനുവദിച്ചു നൽകണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി എന്നും ടി വിധിന്യായത്തിലെ ഉത്തരവ് പ്രകാരമുള്ള തുക അനുവദിക്കുന്നതിന് ബോർഡിന്റെ നിയമാവലി വ്യവസ്ഥ പ്രകാരം നിർവ്വാഹമില്ലാത്തതിനാൽ ടി വിധി ന്യായത്തിനെതിരെ അപ്പീൽ നൽകാൻ തീരുമാനിച്ചുവെന്നും ആയതു പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിന് ബോർഡിന്റെ സ്റ്റാന്റിംഗ് കൗൺസിലിനെ ഏൽപ്പിച്ചുവെന്നും 12.02.2019 ൽ 8172/2019 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുന്നതിന് ഫയൽ ആയിട്ടുള്ളതാണെന്നും ടി അപ്പീലിന്മേൽ ബഹു. ഹൈക്കോടതി തീരുമാനം വരുന്നതുവരെ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിൽ ഉള്ളതെന്നും അക്കാര്യം ഹർജിക്കാരനെ വികസന ക്ഷേമനിധി ബോർഡിൽ നിന്നും അറിയിച്ചിട്ടുള്ളതാണെന്നും ബോർഡിന്റെ അഡ്വക്കേറ്റ് ബോർഡിന് നൽകിയ കത്തിന്റെ പകർപ്പും ഹർജിക്കാരന് വികസന ക്ഷേമനിധി ബോർഡിൽ നിന്നും നൽകിയ മറുപടിയുടെ പകർപ്പും റിപ്പോർട്ടിനൊപ്പം ഉൾക്കൊളളിക്കുന്നു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർകക്ഷി ഹർജിക്കാരന് 28.05.2019 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി പ്രകാരം അറിയച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട കേരള സംസ്ഥാന വികസന ക്ഷേമനിധി ബോർഡിന്റെ 08.04.2019 ലെ കത്തിന്റെ പകർപ്പ് നൽകുന്നുവെന്നും എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള അപ്പീലിന്റെ പകർപ്പ് ലഭ്യമാല്ലത്തതിനാൽ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് കേരള സംസ്ഥാന വികസന ക്ഷേമനിധി ബോർഡിന് നൽകിയിട്ടുണ്ടെന്നുമാണ്. മേൽ

പ്രസ്താവിച്ച വസ്തുതകളിൽ നിന്നും എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുളളതായി കാണുന്നു. ബോർഡിൽ ലഭ്യമായ വിവരം നൽകുന്നതിലേക്കായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് ബോർഡിലേക്ക് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പ് പ്രകാരം അയച്ചു നൽകിയിട്ടുളളതായും കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ബോർഡു നൽകിയിട്ടില്ല എങ്കിൽ ഹർജിക്കാരന് ബോർഡിലെ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020, ജനുവരി 08-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി
dp